കൃത്രിമ ഭൂജലസംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും ഊറ്റം കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ് കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ ഊറ്റംകിണർ പരിപോഷിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി പൂർണ്ണമായും ഭൂജല വകുപ്പാണ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാനത്തുടനീളം 65 ലക്ഷം ഊറ്റം കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഊറ്റം കിണറുകൾ കൃത്രിമമായി റീചാർജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിക്ക് ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നതിനും അതുവഴി ഭൂജല നിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതുവഴി വേനൽക്കാലങ്ങളിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയുടെ തോത്, പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുറയ്ക്കുവാനും സഹായകരമാകുന്നുണ്ട്.

പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര കുടിവെള്ള പദ്ധതി

227 (892) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര തുകയാണ് ഇതിനുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പണികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് ; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; ഇതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) റാന്നി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ജലനിധിയുടെ പദ്ധതിയും ഈ പദ്ധതിയും തമ്മിൽ ലിങ്ക് ചെയ്യുന്നതിനോ ഈ പദ്ധതിയിൽനിന്നും ജലനിധി പദ്ധതിക്ക് വെള്ളം നൽകുന്നതിനോ എന്തെങ്കിലും ധാരണകളോ, കരാറുകളോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; ഇത്തരത്തിൽ വെള്ളം ലഭ്യമാക്കുമ്പോൾ ജലനിധിയിൽനിന്നും വെള്ളത്തിനായി പണം ലഭിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുക ഗുണഭോക്താക്കൾ ജലനിധി പദ്ധതിയിൽനിന്നും വെള്ളമെടുത്താൽ കൊടുക്കേണ്ടിവരുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേജർ കടിവെള്ള വിതരണ പദ്ധതിയുടെ ആദ്യഘട്ട കമ്മീഷനിംഗ് എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന മേജർ കടിവെള്ള പദ്ധതി 8/2009-ൽ ആരംഭിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1316.30 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 849.99 ലക്ഷം രൂപയും ഇതുവരെ ചെലവഴിച്ചു.

(ബി) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ കിണർ, ജലശുദ്ധീകരണശാല, ജലസംഭരണികൾ, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈനുകൾ, വിവിധ ബൂസ്റ്റിംഗ് പമ്പ് ഹൗസുകൾ, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, വിതരണ ശൃംഖല എന്നിവയിൽ തേക്കുമല, ചെല്ലക്കാവ് എന്നീ ബൂസ്റ്റിംഗ് സ്റ്റേഷനുകളിലെ പമ്പ്സെറ്റ് സ്ഥാപിക്കൽ ഒഴികെ എല്ലാ പ്രവൃത്തികളും ഏകദേശം പൂർത്തീകരിച്ചു. പൈപ്പുകൾ പരസ്പരം യോജിപ്പിക്കുന്ന ജോലികളും വിതരണ ശൃംഖല ചാർജ്ജ് ചെയ്യുന്ന പണികളും നടന്നുവരുന്നു. കരാർ നൽകിയ കോൺട്രാക്ടർ യഥാസമയം പണി ചെയ്യുന്നതിൽ വീഴ്ചവരുത്തിയത് കാരണം തേക്കുമല, ചെല്ലക്കാട് എന്നീ പമ്പ്ഹൗസുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽനിന്നും കരാറുകാരന് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയിൽനിന്നും റാന്നി പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതികൾക്ക് രണ്ട് കേന്ദ്രങ്ങളിൽ ബൾക്ക് വാട്ടർ മീറ്റർ വഴി വെള്ളം നൽകാൻ ജല അതോറിറ്റിയും പഞ്ചായത്തും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പുതുശ്ശേരിമലയിലുള്ള രണ്ട് റിസർവ്വോയറുകളിൽനിന്നും വെള്ളം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ജലനിധിക്ക് നൽകുന്ന വെള്ളത്തിന് ജലനിധിയിൽനിന്നും പണം ലഭിക്കുകയില്ല. എന്നാൽ ബൾക്ക് വാട്ടർ മീറ്റർ റീഡിംഗ് പ്രകാരം വാട്ടർ ചാർജ്ജ് ജല അതോറിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ഉപഭോക്തൃ സമിതികളുടെ മുകളിൽ പഞ്ചായത്ത് വഴി ജല അതോറിറ്റിക്ക് കൈമാറേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുടെ നടത്തിപ്പിനും പരിപാലനത്തിനും ആകെ ആവശ്യമായി വരുന്ന ഉക എത്രയെന്ന് കണക്കാക്കി അതനുസരിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾതന്നെയാണ് ഓരോരുത്തരും എത്ര രൂപയാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നത്.

(ഇ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയുടെ ആദ്യഘട്ട കമ്മീഷനിംഗ് 09/2015-ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കടിവെള്ള പദ്ധതി

228 (893) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ KWA-JICA പദ്ധതിയുടെ ഭാഗമായി 11, 12, 13 വാർഡുകളിൽ, വാട്ടർ കണക്ഷൻ അനുവദിക്കുന്നതിന് ഗുണഭോക്താക്കളെക്കൊണ്ട് ഫീസ് അടപ്പിക്കുകയും നിർവ്വഹണ ഘട്ടത്തിൽ അവർ ഒഴിവാക്കപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കളെക്കൂടി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച വിശദീകരണം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നപക്ഷം ജൈക്ക പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽനിന്നും വിവരം നൽകുന്നതാണ്.

മുൻകൂർ വാട്ടർചാർജ്ജ്

229 (894) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയിൽ ഗുണഭോക്താക്കളിൽനിന്നും വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം എത്ര രൂപ വീതമാണ് ഈടാക്കുന്നതെന്ന് അറിയിക്കുമോ ; വാട്ടർ ചാർജ്ജ് മുൻകൂറായി വാങ്ങാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly